കേന്ദ്ര ബഡ്ജറ്റിൽ പരിഗണിക്കുന്നതിലേക്ക് സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ

21 (*591) ശ്രീ. ബി. ഡി. ദേവസ്സി :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. എം. ചന്ദ്രൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രബഡ്ജറ്റിൽ പരിഗണിക്കുന്നതിലേക്ക് സംസ്ഥാനത്തിന്റെ എന്തെല്ലാം ആവശ്യങ്ങൾ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട് ; വിശദമാക്കാമോ ;

(ബി) കേന്ദ്ര ധനകാര്യമന്ത്രിയെ മുഖ്യമന്ത്രി ഉൾപ്പെടെ സംസ്ഥാനത്തു നിന്നുള്ള ഏതെല്ലാം മന്ത്രിമാർ കാണുകയും ആവശ്യങ്ങൾ ഉന്നയിക്കുകയും ചെയ്തു ;

(സി) നാളിതുവരെ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടില്ലാത്ത മുൻ യു.പി.എ. സർക്കാരിന്റെ ഉറപ്പുകൾ എന്തെല്ലാമായിരുന്നു ; ഈ ഉറപ്പുകളുടെ ഭാവി എന്തായിരിക്കുമെന്ന് അറിയിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ & ബി) കേരളത്തിന്റെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ട പാലക്കാട് റെയിൽവേ കോച്ച് ഫാക്ടറി, പെനിൻസുലാർ റെയിൽവേ സോൺ, ചേർത്തലയിലെ വാഗൺ ഫാക്ടറി, പഴയ കോച്ചുകൾ മാറ്റുന്നതിനും മെയിന്റനൻസിനും, തിരുവനന്തപുരത്തെ റെയിൽവേ മെഡിക്കൽ കോളേജ്, മെമു സർവ്വീസ് കാര്യക്ഷമമാക്കുന്നത്, എറണാകുളം-ആലപ്പുഴ-കായംകുളം, എറണാകുളം-കോട്ടയം-കായംകുളം എന്നിവയുടെ ഡബ്ലിംഗ് എന്നീ പ്രശ്നങ്ങളിൽ അടിയന്തര നടപടി ആവശ്യപ്പെട്ടുകൊണ്ട് 30-5-2014-ൽ പ്രധാനമന്ത്രിക്ക് മുഖ്യമന്ത്രി കത്തയച്ചിരുന്നു (പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്).*

ഇതിനുപുറമേ, കേന്ദ്ര ബഡ്ജറ്റിനു മുന്നോടിയായി കേന്ദ്ര ധനമന്ത്രി 9-6-2014-നു വിളിച്ചുചേർത്ത യോഗത്തിൽ കേരളത്തിന്റെ വിവിധ ആവശ്യങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുന്നതിനും സംസ്ഥാനത്തിന്റെ സർവ്വതോന്മുഖമായ വികസനത്തിനും കേന്ദ്രത്തിന്റെ നിർലോഭമായ സഹായം കേന്ദ്രധനമന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. പ്രസ്തുത യോഗത്തിൽ സംസ്ഥാന ധനകാര്യവകുപ്പുമന്ത്രി കേരളത്തിന്റെ ആവശ്യങ്ങൾ ഉന്നയിച്ചു നടത്തിയ പ്രസംഗം അനുബന്ധം-2 ആയി ചേർക്കുന്നു. കൂടാതെ സംസ്ഥാനം മുന്നോട്ടുവച്ച മറ്റു പ്രധാന ആവശ്യങ്ങൾ ചുവടെ ചേർക്കുന്നു :

1. Goods Service Tax (GST) നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തിന്റെ ആശങ്കകൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2. വിവിധതരം സേവനങ്ങളെ Negative List of Tax-ൽ ഉൾപ്പെടുത്തുവാനും ഒഴിവാക്കാനുമുള്ള അവകാശം സംസ്ഥാനത്തിന് അനുവദിക്കാൻ നടപടികൾ സ്വീകരിക്കുക.

3. Goods Service Tax (GST) നടപ്പിലാക്കുന്നതിനുള്ള കാലതാമസം വഴി ഉണ്ടാകുന്ന നഷ്ടം നികത്താൻ കേന്ദ്ര വിൽപ്പന നികുതി നിരക്ക് 5% ആയി കൂട്ടുക.

4. സേവന നികുതി യുക്തിഭദ്രമായി കുറയ്ക്കുക.

5. സംസ്ഥാനത്തുനിന്നുള്ള കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനുള്ള എക്സൈസ് കസ്റ്റംസ് തീരുവകൾ ആനുപാതികമായി വർദ്ധിപ്പിക്കുക.

6. Aluminium Electrolytic Capacitors നിർമ്മിക്കുന്ന Keltron Component Complex Ltd. (KCCL) അടക്കമുള്ള സ്ഥാപനങ്ങൾ 28-2-1999-ലെ നം.25/99 വിജ്ഞാപന പ്രകാരം 0% ഡ്യൂട്ടി ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് പ്രസ്തുത വിജ്ഞാപനം പുനഃപരിശോധന ചെയ്ത് പകരം ലളിതമായ ഒരു ബദൽ നടപടിക്രമം നടപ്പിലാക്കുക.

7. കേരളാ മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിൽ ഉപയോഗിക്കുന്ന റൂട്ടൈൽ ഗ്രേഡ് ടൈറ്റാനിയം ഡൈ ഓക്സൈഡിന്റെ ഇറക്കുമതി തീരുവ കൂട്ടുക, ടി സ്ഥാപനത്തിൽ ഉപയോഗിക്കുന്ന സിർകോൺ, റൂട്ടൈൽ ഇവയുടെ എക്സൈസ് തീരുവ എടുത്തുകളയുക.

8. കയറ്റുമതിക്ക് ഉപയോഗിക്കുന്ന അസംസ്കൃതവസ്തുക്കളുടെ കേന്ദ്ര വിൽപന നികുതി എടുത്തുകളയുക.

9. ഓൺലൈനായി ഫയൽ ചെയ്യുന്ന Export Oriented Unit Scheme-ന്റെ പ്രതിമാസ സ്റ്റേറ്റ്മെന്റ് പുതുക്കാനുള്ള സൗകര്യം ഒരുക്കുക.

10. പ്രത്യേക സാമ്പത്തിക മേഖലയിലെ Export Oriented Unit നൽകുന്ന Job Work-നെ കേന്ദ്ര വില്പന നികുതിയിൽനിന്നും ഒഴിവാക്കുക.

11. Micro Small and Medium Enterprises വഴിയുള്ള കയറ്റുമതികൾ വർദ്ധിപ്പിക്കുന്നതിന് ASIDE സ്കീമിൽ നികുതിയിളവടക്കമുള്ള ഇൻസെന്റീവുകൾ ശക്തിപ്പെടുത്തുക.

12. ചൈനീസ് സാധനങ്ങൾ വിലകുറച്ച് വിറ്റഴിക്കുന്നത് ഒഴിവാക്കുവാനും അതുവഴി തദ്ദേശീയമായി നിർമ്മിക്കുന്ന സാധനങ്ങളുടെ വില്പന ശക്തിപ്പെടുത്തുന്നതിനും ചൈനീസ് വസ്തുക്കൾക്ക് ഉയർന്ന നികുതി ഏർപ്പെടുത്തുക.

(സി) കേന്ദ്രസർക്കാർ അനുവദിച്ച മിക്ക പദ്ധതികളുടെയും പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്. കൊച്ചി-മെട്രോ റെയിലിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട പാലങ്ങളുടെ പണി തുടങ്ങുകയും കണ്ണൂർ വിമാനത്താവളം, വിഴിഞ്ഞം തുറമുഖ പദ്ധതി, തിരുവനന്തപുരം ലൈഫ് സയൻസ് പാർക്ക്, കാസർഗോഡ് ചീമേനി 1200 മെഗാവാട്ട് ശേഷിയുള്ള ഗ്യാസ് ബേസ്ഡ് പവ്വർ പ്ലാന്റ് തുടങ്ങിയ

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതികളുടെ നിർമ്മാണത്തിനാവശ്യമായ സ്ഥലമെടുപ്പ് ആരംഭിക്കുകയും, KSIDC, GAIL-മായി ചേർന്ന് ഒരു Joint Venture Contract (JVC) പ്രകാരം 'Kerala GAIL Gas Limited Company' ഉണ്ടാക്കുകയും, ഗ്യാസ് പൈപ്പ് ലൈൻവഴി വിതരണം ചെയ്യുന്നതിന് ആവശ്യമായ pipe laying ജോലികൾ ആരംഭിക്കുകയും ചെയ്തു കഴിഞ്ഞിട്ടുണ്ട്.

സ്ത്രീകൾക്ക് പരാതി നൽകുന്നതിന് കാൾസെന്ററുകളും ഹെൽപ്പ് ഡെസ്കുകളും

22 (*592) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്ത്രീകൾക്ക് പരാതി നൽകുന്നതിന് കാൾ സെന്ററുകളും ഹെൽപ്പ് ഡെസ്കുകളും ഏർപ്പെടുത്തുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിനായി ആധുനിക കൺട്രോൾ റൂമുകൾ സ്ഥാപിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പരാതികൾ സ്വീകരിക്കുന്നതിനും അവയ്ക്ക് ഉടനടി പരിഹാരം കാണുവാനും കാൾ സെന്ററുകളിലും ഹെൽപ്പ് ഡെസ്കുകളിലും എന്തെല്ലാം സംവിധാനമാണ് ഒരുക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പരാതികൾക്ക് പരിഹാരം കണ്ടെത്തുന്നുണ്ടോയെന്ന് മോണിറ്റർ ചെയ്യാൻ എന്തെല്ലാം സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) സ്ത്രീകൾക്ക് പരാതി നൽകുന്നതിനായി 2-7-2013-ലെ ജി.ഒ. (എം.എസ്) നമ്പർ 165/ആഭ്യന്തരം/13 പ്രകാരം തിരുവനന്തപുരം സിറ്റി, കോഴിക്കോട് സിറ്റി, കോട്ടയം എന്നീ ജില്ലകളിൽ കാൾ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള ഉത്തരവായിട്ടുണ്ട്. പ്രസ്തുത കാൾ സെന്ററുകൾ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള ഊർജ്ജിതമായ നടപടികൾ സ്വീകരിച്ചു വരികയാണ്. സ്ത്രീകൾക്ക് പരാതി നൽകുന്നതിനായി, വിവിധ പ്ലാൻ സ്കീമുകളിലൂടെ വനിതാ ഹെൽപ്പ് ഡെസ്കുകളും വനിതാ Reception ഡെസ്കുകളും സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത ഡെസ്കുകളിലൂടെ സ്ത്രീകളുടെ പരാതികൾക്ക് പരിഹാരം നൽകിവരുന്നു. കൂടാതെ സ്ത്രീകൾക്കും കുട്ടികൾക്കും ഏത് സമയത്തും പരാതി വിളിച്ചറിയിക്കുന്നതിനായി വനിതാ ഹെൽപ്പ് ലൈനുകളും പ്രവർത്തിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly